പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2849 — 13-03-2018- ൽ മറുപടിക്ക്

## സ്പെഷ്യൽ കാർഷിക സോൺ പദ്ധതി

ചോദ്യം — ഉത്തരം

ശ്രീ.വി.പി. സജീന്ദ്രൻ — ശ്രീ.വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്പെഷ്യൽ കാർഷിക സോൺ പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. വകുപ്പ്തല അവലോകന യോഗങ്ങളിലും കൃഷി മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ പ്രത്യേക യോഗങ്ങളിലും സ്പെഷ്യൽ കാർഷിക സോണിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായി 2017-18- ൽ വകയിരുത്തിയ തുകയുടെ 5 ശതമാനം എങ്കിലും ഇതുവരെ ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ടോ; | (ബി) | 2017-18-ലെ ബജറ്റിൽ സ്പെഷ്യൽ കാർഷിക സോണിനായി 10 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. സ്പെഷ്യൽ കാർഷിക സോണുകളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾക്കായി 15 ലക്ഷം രൂപ (1ലക്ഷം രൂപ വീതം ഓരോ സോണിനും)അനുവദിച്ചതിൽ 4.04 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. സ്പെഷ്യൽ കാർഷിക സോണിന്റെ പ്രവർത്തനങ്ങൾക്കായി 970 ലക്ഷം രൂപയും ഓരോ സോണിന്റെയും ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) നവീകരിക്കുന്നതിനും ചട്ടക്കൂട് രൂപീകരിക്കുന്നതിനുമായി. Center for Management Development (CMD) ന് 15 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ പരാജയമാണോ ഇത് സൂചിപ്പിക്കുന്നത്; വിശദമാക്കുമോ? | (സി) | സ്പെഷ്യൽ കാർഷിക സോൺ പദ്ധതി പ്രകാരം സംസ്ഥാനത്തെ 5 പ്രധാന വിളകളെ കേന്ദ്രീകരിച്ച് 15 പ്രത്യേക കാർഷിക മേഖലകളാണ് നടപ്പിലാക്കുവാൻ വിഭാവനം ചെയ്തിട്ടുള്ളത്. ഒരു വർഷത്തെ പ്രവർത്തനങ്ങൾ അല്ല പദ്ധതി ലക്ഷ്യമിടുന്നത്. സോണിലെ വിളയുടെ സമഗ്രവികസനം വിവിധ പദ്ധതികളുടെ ഏകോപനത്തിലൂടെയും സംയോജനത്തിലൂടെയും സാദ്ധ്യമാക്കി പരമാവധി ഉത്പാദനവും കർഷകർക്ക് വരുമാനവും ഉൽപന്നത്തിന് മെച്ചപ്പെട്ട പരിപാലന വിപണന സംവിധാനം ഏർപ്പെടുത്തി ഉറപ്പുവരുത്തുകയും കർഷകർക്ക് പരമാ |

| | | | |
|---|---|---|---|
| | | | വധി വരുമാനം നേടിക്കൊടുക്കുകയുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. കൃഷി വകുപ്പ് വിളകൾക്കായി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾക്ക് പുറമെ പ്രസ്തുത പ്രദേശത്ത് അത്യാവശ്യമുള്ള പശ്ചാത്തല വികസനത്തിനും മറ്റ് നിർണ്ണായക ആവശ്യ പ്രവർത്തനങ്ങൾക്കുമായിട്ടാണ് സോൺ പദ്ധതിയുടെ തുക വകയിരുത്തിയിരിക്കുന്നത്.<br>പ്രത്യേക കാർഷിക മേഖല പദ്ധതിയുടെ പ്രാരംഭവും ഏറ്റവും പ്രധാനപ്പെട്ടതുമായ പ്രവർത്തനം സോണിന്റെ ഇപ്പോഴത്തെ സ്ഥിതി വിവര ശേഖരണവും കുറവുകളും സാദ്ധ്യതകളും കണക്കിലെടുത്ത് സമഗ്രവികസനത്തിനായുള്ള വിശദമായ പ്രോജക്ട് രൂപീകരണവുമാണ്. ഓരോ സോണിന്റെയും വിശദമായ പ്രോജക്ട് റിപ്പോർട്ട് കൃഷി വകുപ്പ് ഡയറക്ടർ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ കാർഷിക സോണിന്റെ പ്രവർത്തനങ്ങൾക്കായി 19-02-2018-ലെ സ.ഉ(കൈ) 22/2018/എഡി പ്രകാരം 970 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ സർക്കാർ ഉത്തരവ് ബന്ധപ്പെട്ട ജില്ലാ കൃഷി ഓഫീസർമാർക്ക് കൈമാറുകയും അംഗീകരിച്ച അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും നിർണ്ണായക അവശ്യ പ്രവർത്തനങ്ങളും സോണുകളിൽ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ജില്ലകളിൽ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വിശദമായ മാർഗ്ഗനിർദ്ദേശങ്ങളും തുകയും താമസംവിനാ ജില്ലകൾക്ക് കൈമാറുന്നതാണ്.<br>വരും വർഷങ്ങളിൽ പദ്ധതി പൂർത്തിയാക്കുമ്പോൾ വിളയുടെ ആഭ്യന്തര ഉൽപാദനത്തിലും, സംസ്കരണത്തിലും, വിപണനത്തിലും, കർഷരുടെ വരുമാനത്തിലും നിർണ്ണായകമായ ഉയർച്ച ഉണ്ടാകുമെന്നുള്ളത് സുനിശ്ചിതമാണ്. |

സെക്ഷൻ ഓഫീസർ